പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1791

17.03.2015 ലെ മറുപടിയ്ക്ക്

## തമിഴ്നാട് തേനിയിൽ ഭൂഗർഭ പരീക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. കെ.ശശീന്ദ്രൻ**<br>**ശ്രീ. തോമസ് ചാണ്ടി** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) തമിഴ്നാട് തേനിയിൽ ഭൂഗർഭ പരീക്ഷണം നടത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വെളിപ്പെടുത്താമോ;<br><br>(ബി) യുനെസ്കോയുടെ പൈതൃക മേഖലയായി പ്രഖ്യാപിച്ച പശ്ചിമ ഘട്ടത്തിൽ ഇത് നടത്തുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കാമോ;<br><br>(സി) കേരള അതിർത്തിയിൽ നിന്നും 20 കിലോമീറ്ററും ഇടുക്കി അണക്കെട്ടിൽ നിന്ന് 30 കിലോമീറ്ററും അകലെയുള്ള സ്ഥലത്ത് പരീക്ഷണം നടത്തുന്നത് ഇടുക്കി അണക്കെട്ടിനേയും തേനി ജില്ലയിലെ മറ്റ് അണക്കെട്ടുകളെയും ബാധിക്കുമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | ഉണ്ട്. പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ പദ്ധതിയുടെ വിശദാംശങ്ങൾ അറിയുന്നതിലേയ്ക്കായി TATA Institute of Fundamental Research ലേയ്ക്ക് കത്തെഴുതുകയുണ്ടായി. ഈ പരീക്ഷണം ഒരു തരത്തിലുമുള്ള പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കുകയില്ലെന്ന് മറുപടി ലഭിക്കുകയുണ്ടായി. എങ്കിലും നിഷ്പക്ഷമായ പരിശോധനയിലൂടെ കാര്യങ്ങൾ അപഗ്രഥിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന സർക്കാർ ശാസ്ത്രജ്ഞരുടെ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. മാത്രമല്ല ഇന്ത്യൻ ന്യൂട്രിനോ ഒബ്സർവേറ്ററി പദ്ധതി മൂലമുണ്ടാകുന്ന പാരിസ്ഥിതികാഘാതത്തെക്കുറിച്ച് തദ്ദേശ വാസികൾക്കുള്ള ആശങ്ക പരിഹരിക്കുന്നതിന് ഒരു അഭിപ്രായം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കത്ത് സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ആയതിനുള്ള മറുപടിയും ഇതുവരെ ലഭ്യമായിട്ടില്ല. |
| (ഡി) പ്രസ്തുത പരീക്ഷണം നടത്തുന്നതിന് വെള്ളം ആവശ്യമായിതിനാൽ മുല്ലപ്പെരിയാർ അണക്കെട്ടിൽ ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് കുറയുമെന്ന കാര്യവും കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ